**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **19-06-2024 - ൽ മറുപടിയ്ക്ക്**

**മഴക്കാല പൂർവ്വ ശുചീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്തു വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കാനകളും ഓടകളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ നിയന്ത്രണത്തിൽ 474.323 Km നീളത്തിൽ കാനകളും 754 ഓടകളും പൊതുമരാമത്ത് നിരത്ത് പരിപാലന വകുപ്പിന്റെ നിയന്ത്രണത്തിൽ 49 കാനകളും ഉണ്ട്. കെ.എസ്.റ്റി.പി.യുടെ കുറ്റിപ്പുറം ഡിവിഷന് കീഴിൽ തൃശ്ശൂർ ജില്ലയിൽ 37590 മീറ്ററോളം ഓടകൾ ഉണ്ട്. KRFB ക്ക് കീഴിൽ 13 റോഡുകളിലായി ഏകദേശം 56.83 കി.മീറ്റർ നീളത്തിൽ കാനകൾ ഉണ്ട്. |
| (ബി) | മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ എത്ര എണ്ണം വൃത്തിയാക്കി എന്നും ഇതിനായി എത്ര രൂപ ചെലവഴിച്ച എന്നും വ്യക്തമാക്കാമോ? | (ബി) | മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി അടിയന്തര പ്രവൃത്തി ആവശ്യമുണ്ടായിരുന്ന 140 എണ്ണം പൊതുമരാമത്ത് നിരത്ത് വിഭാഗവും 19 എണ്ണം പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗവും വൃത്തിയാക്കുകയും 23,57,677 രൂപയും 16,42,000 രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. KRFB – PMU പ്രീമൺസൂൺ വർക്കുമായി ബന്ധപ്പെട്ട് 2023-24 ൽ 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 34.47 ലക്ഷം രൂപ വിനിയോഗിച്ച് പ്രീമൺസൂൺ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി അടിയന്തര പ്രവൃത്തി ആവശ്യമുള്ള 17.84 കി.മീ. നീളത്തിൽ കാനകൾ വൃത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകളിൽ നിലവിലുള്ള കോൺട്രാക്ടറെ കൊണ്ടുതന്നെയാണ് ഓടകളും കാനകളും വൃത്തിയാക്കുന്നത്. റണ്ണിംഗ് കോൺട്രാക്ടിന് കീഴിലുള്ള റോഡുകളിലെ കാനകളിൽ മണ്ണൊലിപ്പും മറ്റും കാരണം തടസ്സങ്ങൾ ഉണ്ടാകുമ്പോൾ അതാതു സമയങ്ങളിൽ പ്രവൃത്തി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ